ഉത്തരം

(എ) വെറ്ററിനറി ഡോക്ടർമാരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഉൾപ്പെടുന്ന സ്കോഡുകൾ രോഗബാധിത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനം നടത്തി. സൗജന്യമായി കുത്തിവയ്പ്പ് നടത്തുകയും മരുന്ന് വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനാതിർത്തികളിലൂടെയുള്ള കന്നുകാലികളുടെ വരവ്പോക്ക് കർശനമായി നിരോധിച്ചു. കാലിപ്രദർശനങ്ങൾ നിരോധിക്കുകയും ചന്തകളിൽ ഉരുക്കൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തു. രോഗബാധയേറ്റ ഉരുക്കളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും ദേശീയ ക്ഷീരവികസന ബോർഡിലെ ലബോറട്ടറികളിലും അയച്ച് രോഗകാരിയായ വൈറസ്സിനെ നിർണ്ണയിച്ചു.

(ബി) ഉണ്ട്. 319 പേർക്കായി ആകെ 5,21,550 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) കാലിരോഗ വിമുക്തമേഖലാ പദ്ധതിയിലൂടെ വിഭാവനം ചെയ്യപ്പെട്ട കുത്തിവയ്പ്പു പരിപാടി പൂർത്തിയാക്കുംവരെ ഇതിന്റെ ഓഫീസുകൾ നിലനിർത്തുന്നതാണ്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി പൂർത്തിയായിട്ടുള്ളതിനാൽ നെടുമങ്ങാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഓഫീസ് തുടരുവാൻ കേന്ദ്രാനുമതി ഇല്ല.

**124 (1484) കുളമ്പുരോഗം തടയാൻ നടപടി**

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ മരണപ്പെടുന്നത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ രോഗം വ്യാപകമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കുളമ്പുരോഗം ബാധിച്ച് സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്ര കന്നുകാലികൾ മരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഇ) ഇതനുസരിച്ച് കഴിഞ്ഞവർഷം എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(എഫ്) ഈ ഇനത്തിൽ കഴിഞ്ഞവർഷം എന്ത് തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) രോഗപ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പേരിൽ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻമാർ വ്യാപകമായി വെട്ടിപ്പു നടത്തിയതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഇതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രോഗം ബാധിച്ച ഉരുക്കളിൽനിന്നും ശേഖരിച്ച സാമ്പിളുകൾ ബാംഗ്ലൂരിലെ എൻ.ഡി.ഡി.ബി.യിലും ഇസത് നഗറിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും അയച്ച് രോഗഹേതുവായ വൈറസ്ടൈപ്പ് നിർണ്ണയിച്ചു. 'ഒ' ടൈപ്പ് വൈറസാണ് രോഗഹേതുവായ വൈറസ് ടൈപ്പ് എന്നു വെളിപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വയനാട്, മലപ്പുറം എന്നീ ജില്ലകളൊഴികെ സംസ്ഥാനമൊട്ടാകെ കന്നുകാലികളിൽ കുളമ്പുരോഗം ബാധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 1998 നവംബർ മുതൽ 14.6.99 വരെ സംസ്ഥാനത്ത് 2708 ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) പ്രകൃതി ദുരന്ത പട്ടികയിൽപ്പെടുത്തി കളക്ടർമാരുടെ ഫണ്ടിൽ നിന്നും കുളമ്പുരോഗംമൂലം മരണപ്പെട്ട ഉരുക്കൾക്ക് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് പശു, എരുമ, കാള എന്നിവയ്ക്ക് 3000/- രൂപ, പശു-എരുമക്കുട്ടികൾക്ക് - 1500/- രൂപ, പന്നി - 500/- രൂപ, ആട് - 600/- രൂപ, ആട്ടിൻകുട്ടി - 300/- രൂപ, പന്നിക്കുട്ടി - 250/- രൂപ, കിടാരി - 1500/- രൂപ എന്നനിരക്കിൽ ധനസഹായം ലഭിക്കും.

(ഇ) കഴിഞ്ഞവർഷം (1998-99) 319 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(എഫ്) ആകെ 5,21,550/- രൂപ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പത്തനംതിട്ട | - | 11,500/- |
| ആലപ്പുഴ | - | 750/- |
| കോട്ടയം | - | 7,800/- |
| ഇടുക്കി | - | 750/- |
| എറണാകുളം | - | 12,000/- |
| പാലക്കാട് | - | 4,16,700/- |
| കണ്ണൂർ | - | 5,700/- |
| കാസർഗോഡ് | - | 15,000/- |

(ജി) ഉണ്ട്. സംസ്ഥാന വ്യാപകമായി എല്ലാ ഉരുക്കളെയും കുളമ്പുരോഗത്തിനെതിരെ കുത്തിവയ്പ്പിക്കാൻ നടപടി സ്വീകരിച്ചു. 1998-99 ൽ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിൽനിന്നും 10,36,090 ഡോസ് പോളിവാലന്റ് വാക്സിനും 89,850 ഡോസ് മോണോവാലന്റ് വാക്സിനും സംസ്ഥാനത്തെ



LIBRARY ARCHIVES Kerala Legislative Assembly

വിവിധ ജില്ലകളിലെത്തിച്ചു. കൂടാതെ ഇന്ത്യൻ വെറ്ററിനറി ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും 1 ലക്ഷം ഡോസ് വാക്സിനും കഴിഞ്ഞ വർഷം വാങ്ങിയിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

**125 (1485) ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ**

<u>ശ്രീ. ആന്റണി രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ വിളിക്കുന്നതിനും ആയത് അംഗീകരിക്കുന്നതിനും കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ വർഷം കോർപ്പറേഷന് ബോക്സുകൾ നൽകിയിരുന്നത് ഏതൊക്കെ കമ്പനികളാണ്;

(സി) മുമ്പ് ചിക്ബോക്സുകൾ നൽകിയിരുന്ന കമ്പനികളെ ഇപ്പോഴത്തെ ടെണ്ടറിൽനിന്ന് ഒഴിവാക്കി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണ്;

(ഡി) പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ അംഗീകൃത കമ്പനികളിൽനിന്ന് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് പൊൻമുടി പായ്ക്ക് ആർട്സ് എന്ന കമ്പനി നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് ആവശ്യമുള്ള മറ്റു സാധനങ്ങൾക്ക് വാർഷിക ടെണ്ടർ വിളിക്കുന്നതുപോലെ തന്നെയാണ് ചിക്ബോക്സ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടറും വിളിക്കുന്നത്.

വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ വിവരങ്ങൾ, ടെണ്ടർ ഫോമിന്റെ വില, ടെണ്ടറിനോടൊപ്പം നിക്ഷേപിക്കേണ്ട നിരതദ്രവ്യതുക, ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്ന തീയതിയും സമയവും തുടങ്ങിയ വിവരങ്ങൾ നോട്ടീസിൽത്തന്നെ വ്യക്തമാക്കിയിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ടെണ്ടറുകൾ മുൻനിശ്ചയിച്ചിട്ടുള്ള സമയത്ത് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കും. അതിനുശേഷം കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിയുടെ മുൻപാകെ ഹാജരായി, ടെണ്ടർ നൽകിയ സാധനങ്ങളുടെ സാങ്കേതിക വിവരങ്ങളും മറ്റും വിശദീകരിക്കുന്നതിനും ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില നെഗോഷ്യേറ്റ് ചെയ്യുന്നതിനും ഓഫറുകാരെ ക്ഷണിക്കുന്നു. ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടുള്ളതും ടെണ്ടറിൽ പ്രതിപാദിച്ചിരുന്നതിൻപ്രകാരമുള്ള സാങ്കേതിക മാനദണ്ഡങ്ങൾ അതനുസരിച്ചിട്ടുള്ള സാധനത്തിന് ഏറ്റവും കുറഞ്ഞ നിരക്കിൽ

LIBRARY ARCHIVES Kerala Legislative Assembly